## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1889** **13-02-2025 - ൽ മറുപടിയ്ക്ക്**

## മാവേലിക്കര മണ്ഡലത്തിലെ താമരക്കുളം സ്റ്റേഡിയം നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിലെ താമരക്കുളം സ്റ്റേഡിയം നിർമ്മാണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?..? | (എ) | ഉണ്ട്.<br><br>2019 - 20 ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്ന ആലപ്പുഴ മണ്ഡലത്തിലെ താമരക്കുളം പഞ്ചായത്ത് ഗ്രൗണ്ടിന്റെ പ്രവൃത്തിക്ക് 26.02.2021-ലെ സർക്കാർ ഉത്തരവ് പ്രകാരം 5 കോടി രൂപയുടെ ഭരണാനുമതി നൽകുകയും 12.01.2022-ന് 4.77 കോടി രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നല്കി 15.01.2022-ന് ദർഘാസ് ക്ഷണിക്കുകയും 27.01.2022-ന് ദർഘാസ് ഓപ്പൺ ചെയ്യുകയും ചെയ്തു. യോഗ്യരായ കരാറുകാരിൽ നിന്നും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ബി & ഐ കൺസ്ട്രക്ഷൻ എന്ന സ്ഥാപനത്തിന് 04.02.2022-ന് വർക്ക് ഓർഡർ നല്കി. 07.02.2022-ന് സൈറ്റ് കരാറുകാരന് കൈമാറി നല്കുകയും 04.03.2022-ന് കാരാറിൽ ഏർപ്പെടുകയും ചെയ്തു.<br><br>90 m X 55 m വിസ്തീർണ്ണമുള്ള നാചുറൽ ടർഫ്, സ്റ്റെപ്പ് ഗ്യാലറി, ഓഫീസ്, ജിം, ഗ്രൗണ്ട് ഡെവലപ്മെന്റ്, ചുറ്റുമതിൽ, സമ്പ് ടാങ്ക്, അനുബന്ധ ഇലക്ട്രിഫിക്കേഷൻ എന്നീ ഘടകങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ജിം കെട്ടിടത്തിന്റെ പ്ലാസ്റ്ററിംഗ്, സ്റ്റെപ് ഗ്യാലറി പ്ലാസ്റ്ററിംഗ്, ഗ്രൗണ്ട് ഡെവലപ്മെന്റ് പ്രവൃത്തി, എർത്ത് ഫില്ലിംഗ് എന്നിവ പൂർത്തീകരിച്ചു. ഡ്രെയിനേജ് നിർമ്മാണം, ചുറ്റുമതിൽ നിർമ്മാണം എന്നിവ 90% പൂർത്തീകരിച്ചിട്ടുണ്ട്. മഡ് ഫുട്ബോൾ ഗ്രൗണ്ട്, ബാക്കിയുള്ള എർത്ത് ഫില്ലിംഗ്, കെർബ്, ഇലക്ട്രിഫിക്കേഷൻ വർക്ക് എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്.<br><br>മേൽ പരാമർശിച്ച പ്രകാരം പൂർത്തീകരിച്ച പ്രവൃത്തികളുടെ CC 1st & പാർട്ട് ബില്ല് 25.10.2022 നും CC 2nd & പാർട്ട് ബില്ല് 15.11.2023 നും |

| | | | |
|---|---|---|---|
| | | | സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ അംഗീകരിച്ച് കായിക വകുപ്പ് മുഖേന എൽ.എസ്.ജി ഡി യിൽ സമർപ്പിച്ചിരുന്നുവെങ്കിലും എൽ.എസ്.ജി .ഡി യിൽ നിന്നും ബിൽ തുക ലഭിക്കാനുള്ള കാലതാമസം കാരണം 13.02.2024 മുതൽ കരാറുകാരൻ പ്രവൃത്തി നിർത്തി വച്ചിരിക്കുകയാണ്.<br><br>04.05.2024 ൽ എം. എൽ. എ.യുമായി നടന്ന മീറ്റിംഗിൽ നിലവിലുള്ള എഗ്രിമെന്റ് ഷെഡ്യൂളിൽ പരാമർശിച്ചിരിക്കുന്ന നാചറൽ ടർഫ് മാറ്റി മഡ് കോർട്ട് ആക്കാനും അതിനു മുകളിൽ കൊറിയൻ ഗ്രാസ് വെച്ചു പിടിപ്പിക്കാനും ഈ മാറ്റം വന്ന ഘടകങ്ങളുടെ സേവിംഗ്സ് ഉപയോഗിച്ച് ഒരു മിനി കൺവെൻഷൻ സെന്റർ നിർമ്മിക്കുന്നതിന് തീരുമാനിക്കുകയും ആയതിന്റെ റിവൈസ് എസ്റ്റിമേറ്റ് തയ്യാറാക്കി വരികയുമാണ്. ഈ കാലയളവിനിടയിൽ കരാറുകാരന് 04.11.2024 തീയതിയിലെ ജി. ഒ. (ആർറ്റി)നം. 8155/2024/ഫിൻ നമ്പർ ഉത്തരവ് പ്രകാരം CC 1st & പാർട്ട് ബില്ലിന്റെയും CC 2nd & പാർട്ട് ബില്ലിന്റെയും തുക നൽകിയിട്ടുണ്ട്. തുടർന്ന് പ്രവൃത്തി ആരംഭിക്കാമെന്ന് കരാറുകാരൻ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ